(ഡി) മരണപ്പെട്ട വിദ്യാർത്ഥിയുടെ കുടുംബത്തിന് അടിയന്തര സഹായമായി ആറ്റിങ്ങൽ പോളി പി.റ്റി.എ.-യിൽ നിന്നും 21,500 രൂപയും ആട്ടോമൊബൈൽ അസോസിയേഷനിൽ നിന്നും 6000 രൂപയും നൽകുകയുണ്ടായി.

വിദൂര വിദ്യാഭ്യാസ രീതിയിൽ എൽ.എൽ.എം. കോഴ്സ്

104 (3844) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഏതൊക്കെ സർവ്വകലാശാലകളാണ് വിദൂര വിദ്യാഭ്യാസ രീതിയിൽ (ഡിസ്റ്റൻസ് എജ്യൂക്കേഷൻ) എൽ.എൽ.എം. കോഴ്സ് നടത്തുന്നതെന്നും അവയിൽ ഏതൊക്കെ സർവ്വകലാശാലകൾ നടത്തുന്ന എൽ.എൽ.എം. കോഴ്സ് കേരള സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

മഹാത്മാഗാന്ധി സർവ്വകലാശാല വിദൂര വിദ്യാഭ്യാസ രീതിയിൽ ദ്വിവത്സര എൽ.എൽ.എം. കോഴ്സ് നടത്തിവരുന്നു. എന്നാൽ മറ്റു സർവ്വകലാശാലകൾ വിദൂര വിദ്യാഭ്യാസ രീതിയിൽ നടത്തുന്ന എൽ.എൽ.എം. കോഴ്സുകളൊന്നും കേരള സർവ്വകലാശാല അംഗീകരിച്ചിട്ടില്ല.

എം.ബി.ബി.എസ്.- റാങ്ക് വിവരം

105 (3845) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റി 2014 ജൂൺ മാസത്തിൽ നടത്തിയ എം.ബി.ബി.എസ്. അവസാനവർഷ പരീക്ഷയുടെ റാങ്ക് വിവരം പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ ആദ്യത്തെ അഞ്ച് റാങ്കുകൾ ആർക്കെല്ലാമാണ് ലഭിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) എം.ബി.ബി.എസ്. പരീക്ഷയുടെ റാങ്ക് നിർണ്ണയിക്കുന്നതിന് ഹൗസ്സർജൻസിയും മാനദണ്ഡമായി ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) 2014 ജൂൺ മാസത്തിൽ കേരള യൂണിവേഴ്സിറ്റി നടത്തിയ എം.ബി.ബി.എസ്. അവസാനവർഷ പരീക്ഷയുടെ ഒന്നാം റാങ്ക് മാത്രം പ്രസിദ്ധപ്പെടുത്തിയതിന്റെ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly